"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - ചെമ്പ് ഗ്രാമപഞ്ചായത്ത് - ഭരണസമിതി തീരുമാനം - കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 191 (4) പ്രകാരം ചെമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07/09/2024 തീയതിയിലെ 15 (1) നമ്പർ തീരുമാനം താല്ക്കാലികമായി മരവിപ്പിച്ചുകൊണ്ടും സെക്ഷൻ 191 (2) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ഓംബ്ഡ്സ്മാന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2500/2025/LSGD** **തീയതി, തിരുവനന്തപുരം, 15-10-2025**

പരാമർശം:-
1. ചെമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07/09/2024 തീയതിയിലെ 15 (1) നമ്പർ തീരുമാനം.
2. ചെമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28/09/2024 തീയതിയിലെ 3 (1) നമ്പർ തീരുമാനം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30/07/2025-ലെ LSGD/PD/42646/2024-AR5 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചാത്തിൽ വാർഡ് 9-ൽ പുതിയ റോഡ് നിർമ്മിക്കുന്നതിന് പട്ടേൽ റിയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ്-ന്റെ ഉടമസ്ഥതയിലുള്ളതും ചെമ്പ് ഗ്രാമപഞ്ചായത്തിന് സൗജന്യമായി വിട്ട് നൽകുന്നതുമായ 89 സെന്റ് സ്ഥലത്തിലെ 117/1-3. 117/5-2 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട വസ്തു നിലവിൽ ഡാറ്റാ ബാങ്കിൽ മെയിൻ ഡിവിഷനിൽ ഉൾപ്പെട്ട തണ്ണീർത്തടമാണ്. പട്ടേൽ റിയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ് സൗജന്യമായിട്ട് വിട്ടു നൽകുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള ടി സ്ഥലം റോഡ് നിർമ്മാണത്തിന് അനുയോജ്യമല്ലാത്തത് ആണെങ്കിലും ഭൂരിപക്ഷാഭിപ്രായ പ്രകാരം 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരം ഏറ്റെടുക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഭരണസമതി നിശ്ചയിക്കുകയുണ്ടായി.

2) ചെമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1) തീരുമാനം നിയമാനുസൃതല്ലാത്തതിനാൽ പുനഃപരിശോധിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27/09/2024 തീയതിയിലെ യോഗത്തിൽ ചർച്ച ചെയ്യുകയും 07/09/2024-ലെ 15 (1) നമ്പർ തീരുമാനം പുനഃപരിശോധിക്കേണ്ടതില്ലായെന്നും സ്ഥലം ഏറ്റെടുക്കണമെന്നും എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി ലഭ്യമായ ശേഷവും പ്രദേശത്തെ പ്രശ്നങ്ങൾ പരിഹരിച്ചതിന് ശേഷവും മാത്രമേ റോഡ് നിർമ്മിക്കുകയുള്ളൂവെന്ന് പരാമർശം (2) തീരുമാനം പ്രകാരം ചെമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതി നിശ്ചയിക്കുകയുണ്ടായി. നിർദ്ദിഷ്ട ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയാണെന്നും

പ്രസ്തുത ഭൂമിയിൽ 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 14 പ്രകാരം യാതൊരു നിർമ്മാണവും അനുവദനീയമല്ലാത്തതാണെന്നും 31/08/2024 തീയതിയിലെ വാർഡ് 9-ലെ ഗ്രാമസഭാ യോഗത്തിൽ ഇപ്രകാരം നിർമ്മിക്കുന്ന റോഡ് പ്രദേശവാസികൾക്ക് ആവശ്യമില്ലായെന്ന് തീരുമാനിച്ചിട്ടുള്ള വിവരവും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൂടാതെ ടി വിഷയത്തിൽ 15-ാം വാർഡ് മെമ്പർ രേഖാമൂലം വിയോജനക്കുറിപ്പ് നൽകിയിട്ടുണ്ട്.

3) പട്ടേൽ റിയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനധികൃതമായി നിർമ്മിച്ച കൃത്രിമ തടാകങ്ങൾ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 സെക്ഷൻ 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്നതിനും അല്ലാത്തപക്ഷം ഉത്തരവ് നടപ്പാക്കുന്നതിലേയ്ക്ക് വരുന്ന തുക ഉടമയിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതാണെന്നും ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും നിലവിൽ ടി അനധികൃത നിർമ്മാണം പൂർവ്വസ്ഥിതിയിലാക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതായി സ്ഥലപരിശോധനയിൽ കാണപ്പെടുന്നുവെന്നും മേൽ പ്രകാരമുള്ള ഗ്രാമസഭാ തീരുമാനവും റിപ്പോർട്ടും പരിശോധിച്ചതിൽ ചെമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിലപാട് ഉചിതമാണെന്ന് കാണുന്നുവെന്നും പരാമർശം (3) കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1), (2) തീരുമാനങ്ങൾ സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 191 (4), 191 (2)-കളിൽ അനുശാസിക്കുന്ന നടപടികൾ അനിവാര്യമാണെന്ന് കണ്ടെത്തി. ആയതുപ്രകാരം പരാമർശം (1), (2) തീരുമാനങ്ങൾ ആക്റ്റിലെ, സെക്ഷൻ 191 (2)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ടി ആക്റ്റിലെ സെക്ഷൻ 271 (ജി) പ്രകാരം രൂപീകരിച്ച ഓംബ്ഡ്സ്മാന്റെ പരിഗണനയ്ക്ക് റഫർ ചെയ്തു കൊണ്ടും ടി ആക്റ്റിലെ സെക്ഷൻ 191 (4) പ്രകാരം പരാമർശം (1), (2) ഭരണസമിതി തീരുമാനങ്ങൾ സെക്ഷൻ 191 (2) പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി തീർപ്പ് കല്പിക്കുന്നതുവരെ താല്ക്കാലികമായി മരവിപ്പിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

1). സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.
2). സെക്രട്ടറി. ചെമ്പ് ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല.
3). ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ.
4). ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ , ഐ.& പി.ആർ.ഡി.
5). കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.ഇ1/355/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 15-10-2025 11:27:08

സെക്ഷൻ ഓഫീസർ